TWO YEARS

Chicago Knanaya Catholic Parish Bulletin
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630
September 7, 2008, Vol. 3, Issue 50
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# Let Us Thank the Lord on the 2nd Anniversary of our Church

## അഭിവന്ദ്യ മൂലക്കാട്ടു പിതാവു പ്രസ്താവിച്ചതുപോലെ കഴിഞ്ഞ 25 വർഷത്തേക്കാൾ 20 മടങ്ങു നേട്ടം രണ്ടു വർഷത്തെ നമ്മുടെ ഇടവകയുടെ പ്രവർത്തനം വഴി നമുക്കു സമ്മാനിച്ച ദൈവത്തെ നമ്മുടെ പള്ളിയുടെ രണ്ടാം വാർഷികത്തിൽ സ്തുതിയ്ക്കാം.

**ഷിക്കാഗോ ക്നാനായ കാത്തലിക് മിഷന്റെ രജത ജൂബിലി സമ്മേളനത്തിൽ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടു ചെയ്ത ഉൽഘാടന പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ.**

നമ്മളിന്ന് ഷിക്കാഗോ ക്നാനായ മിഷന്റെ ജൂബിലി ആഘോഷിക്കുകയാണല്ലോ. അതിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം നിങ്ങൾക്കു ഞാൻ ആശംസിക്കുന്നു. ഈ ക്നാനായ മിഷൻ വളർന്നു പന്തലിച്ച വളക്കൂറുള്ള നല്ല മണ്ണുണ്ട്. അത് ഇവിടെയുള്ള അല്മായ അസ്സോസിയേഷനുകളാണ്. ജോയി വാച്ചാച്ചിറ ഇവിടെ സൂചിപ്പിച്ചതുപോലെ, കെ.സി.എസ്. രൂപപ്പെടുന്നതിനു മുൻപു തന്നെ അല്മായർ അസ്സോസിയേഷൻ രൂപീകരിച്ച് നമ്മുടെ വിശ്വാസവും കൂട്ടായ്മയും സംരക്ഷിക്കുവാനായി വളരെ പരിശ്രമിച്ചു. അങ്ങനെ ഈ മിഷനു വേണ്ടി വർഷങ്ങൾക്കു മുൻപു മുതലേ പ്രവർത്തിച്ചവരെ സ്നേഹപൂർവ്വം ഓർമ്മിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.



ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്

എന്തിനാണ് ഈ മിഷൻ? ഇവിടെയുള്ള വിശ്വാസ സമൂഹത്തിന്റെ ശോഭനമായ ഭാവിക്കുവേണ്ടിയാണത്. അതിനുവേണ്ടിത്തന്നെയാണ് നിങ്ങൾ ആവശ്യപ്പെട്ടപ്പോൾ വൈദികരെ ഇങ്ങോട്ടയച്ചത്. അവരുടെ സേവനം ഒരിക്കലും അവർക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്. അവരുടെയും മിഷന്റെയും പ്രവർത്തനം നിങ്ങളുടെ പിൻബലത്തിലാണ്. സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനം സഭ വിശ്വാസികളുടെ സമൂഹമാണെന്നതാണ്. ആ വിശ്വാസ സമൂഹമാണ് സഭാസമൂഹത്തെ വളർത്തിയെടുക്കുന്നത്.

ഈ ഇടവക സ്ഥാപിതമായിട്ട് രണ്ടുവർഷം പൂർത്തിയായിട്ടില്ല. നമ്മുടെ വിശ്വാസ സമൂഹമാകുന്ന വൻ വൃക്ഷത്തിന്റെ ഏറ്റം മനോഹര പുഷ്പമായിട്ടാണ് ഞാൻ മേവുഡ് ഇടവക സമൂഹത്തെ കാണുന്നത്. ഈ ഇടവകയുടെ വളർച്ചയ്ക്കു ശക്തി നല്കുന്നത് ഈ വിശ്വാസി സമൂഹമാണ്.

വൈദികരെ ഇങ്ങോട്ട് അയക്കുന്നത് ഒരിക്കലും അവർക്കുവേണ്ടിയല്ല. ഏതെങ്കിലുമൊരു അച്ചൻ "എന്നെ അമേരിക്കയ്ക്കു വിടാമോ?" എന്നു ചോദിച്ചാൽ ഞാൻ വിടത്തില്ല. ഇവിടെനിന്ന് ആളുകൾ ആവശ്യപ്പെട്ടാൽ മാത്രമാണ് വൈദികരെ ഇങ്ങോട്ട് അയയ്ക്കുന്നത്. കാരണം ഇവിടെയുള്ള ആളുകൾക്കു വൈദികരുടെ സേവനം ആവശ്യമുള്ളപ്പോൾ ആ വിശ്വാസ സമൂഹത്തെ പരിപോഷിപ്പിക്കുവാനാണ് നമ്മുടെ വൈദികർ വരുന്നത്. പക്ഷേ അവർ വന്നു കഴിയുമ്പോൾ, ഇവിടെ പറഞ്ഞതുപോലെ, ചില അച്ചന്മാരെക്കുറിച്ച് തെറ്റിധാരണകളും തെറ്റായ വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. നിങ്ങൾ അതിപ്പോൾ തിരിച്ചറിയുന്നു; അതിൽ എനിക്കു സന്തോഷമുണ്ട്.

ഇവിടെ വന്ന വൈദികർ, അവർക്കുവേണ്ടിയല്ല, ഇവിടെയുള്ള ദൈവജനത്തിനു വേണ്ടിയാണു പ്രവർത്തിച്ചതെന്ന് എനിക്കുറപ്പുണ്ട്. ആ പ്രവർത്തനങ്ങൾകൊണ്ടാണ് നമ്മൾ ഇവിടെ ഈ നിലയിൽ എത്തിയിരിക്കുന്നത്. തീർച്ചയായും മുത്തോലത്തച്ചൻ അതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഈ ഇടവക സ്ഥാപനത്തിലൂടെയും ഈ ഇടവകയുടെ വളർച്ചയിലും. അദ്ദേഹത്തോടൊപ്പം നിങ്ങളെല്ലാവരും ഈ ഇടവകയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചവരാണ്. നിങ്ങളെയെല്ലാവരെയും

(Continued on page 4)

## നമ്മുടേത് ക്നാനായക്കാർക്കു മാത്രമുള്ള എത്ത്നിക് മിഷനുകൾ

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Sundays from 10:00 A.M. - 12:30 P.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## BIBLE STUDY GROUP

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

September 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

# Schedule of Events

**SATURDAY, SEPTEMBER 6, 2008**
Holy Mass and Novena at 10:00 A.M.
**Feast Celebration of the Birth of B.V. Mary by Women Ministry. Rosary after 10:00 A.M. Mass.**

**SUNDAY, SEPTEMBER 7, 2008**
**Second Anniversary Observance of the Church.**
**Reopening of Religious Education Schools.**
**Syro-Malankara Holy Mass at 8:30 A.M.**
Holy Mass and Religious Education at 10:00 A.M.
**Knights of Columbus Membership Drive at 11:15 A.M.**
Syro-Malabar English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**MONDAY, SEPTEMBER 8, 2008**
**മാതാവിന്റെ പിറവി തിരുന്നാൾ ദിവസം**

**THURSDAY, SEPTEMBER 11, 2008**
Holy Mass and Novena at Community Center at 7:00 P.M.

**FRIDAY, SEPTEMBER 12, 2008**
Holy Mass at 7:00 P.M.

**SATURDAY, SEPTEMBER 13, 2008**
Holy Mass and Novena at 10:00 A.M.
**Bible Study Group after 10:00 A.M. Mass**

**SUNDAY, SEPTEMBER 14, 2008**
**Feast of Triumph of the Most Holy Cross.**
Holy Mass and Religious Education at 10:00 A.M.
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**THURSDAY, SEPTEMBER 18, 2008**
Holy Mass and Novena at Community Center at 7:00 P.M.

**FRIDAY, SEPTEMBER 19, 2008**
Holy Mass and **Novena of St. Michael** at 7:00 P.M.

**SATURDAY, SEPTEMBER 20, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, SEPTEMBER 21, 2008**
Holy Mass and Religious Education at 10:00 A.M.
Syro-Malabar English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**THURSDAY, SEPTEMBER 25, 2008**
Holy Mass and Novena at Community Center at 7:00 P.M.

**FRIDAY, SEPTEMBER 26, 2008**
Holy Mass at 7:00 P.M.

**SATURDAY, SEPTEMBER 27, 2008**
**വി. വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ**
**പ്രസുദേന്തിമാർ: ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ**

Holy Mass and Novena at 10:00 A.M.
**Bible Study Group after 10:00 A.M. Mass**
**SUNDAY, SEPTEMBER 28, 2008**
Holy Mass and Religious Education at 10:00 A.M.
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Holy Mass and Novena at 10:00 A.M.



# വികാരിയുടെ സന്ദേശം

## നമ്മുടെ ഇടവകയുടെ മൂന്നാം വത്സര പദ്ധതികൾ

എന്റെ പ്രിയ സഹോദരങ്ങളേ,

കഴിഞ്ഞ ജൂലൈ അവസാനത്തിൽ ന്യൂ ജേഴ്സിയിൽ നടന്ന ക്നാനായ കൺവെൻഷനിൽ പങ്കെടുക്കുവാൻ പോയവരിൽ ചിലർ വിമാനത്തിലും മറ്റുള്ളവർ സ്വന്തം വാഹനങ്ങളിലുമാണല്ലോ യാത്രചെയ്തത്. സ്വന്തം വണ്ടിയിൽ പോകുന്നതിനേക്കാൾ ചിലവു കൂടുതലാണ് ആകാശ യാത്രയെങ്കിലും യാത്രാ സമയവും ക്ഷീണവും ഏറെ കുറയ്ക്കുവാൻ വിമാനയാത്രക്കാർക്ക കഴിയുന്നു. മേവുഡ് പള്ളി രണ്ടു വർഷം പിന്നിടുമ്പോൾ, പള്ളിയോടു സഹകരിച്ചു നില്ക്കുന്നവരെ വിമാന യാത്രക്കാരോടു താരതമ്യപ്പെടുത്തുവാനാണു തോന്നുക. കാരണം അത്ര ധ്രുതഗതിയിലാണ് നാം മുന്നോട്ടു കുതിയ്ക്കുന്നത്. വിമാനം റ്റേക്ക് ഓഫ് ചെയ്യുന്ന അവസരത്തിൽ ബെൽറ്റിട്ടു മുറുക്കിയും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കാതെയുമിരിക്കണം. മേഘപാളികളിലൂടെ തുളച്ചു കയറിയും പ്രതികൂല കാലാവസ്ഥയെ അതിജീവിച്ചും വിമാനം പറന്നുയരുമ്പോൾ ചെരിവും കുലുക്കവും ഉണ്ടാകാം. നിശ്ചിത ദിശയിലും ഉയരത്തിലുമെത്തിയാൽ യാത്ര സുഖകരമാകും. എങ്കിലും ഇടയ്ക്കിടെ എയർ പോക്കറ്റും മറ്റു പ്രതികൂല സാഹചര്യങ്ങളുമുണ്ടാകാം.

മേവുഡ് പള്ളി ഇന്നും ആകാശത്തേയ്ക്കു പറന്നുയരുന്ന ഘട്ടത്തിലാണ്. എന്നാൽ പിന്നിട്ട രണ്ടു വർഷത്തെ നമ്മുടെ കുതിച്ചുകയറ്റം വിമാനം പോലല്ല റോക്കറ്റു പോലായിരുന്നു. അതുകൊണ്ടാണ് മേജർ ആർച്ചു ബിഷപ്പു മുതൽ അല്മായ നേതാക്കൾ വരെയുള്ളവർ നമ്മുടെ പള്ളിയെ മാതൃകാ ദൈവാലയമായി പ്രശംസിച്ചത്. എന്നാൽ ഈ അപൂർവ്വ വളർച്ചയുടെ വിജയ രഹസ്യം നമ്മുടെ പള്ളിയിൽ നടത്തിയ ധ്യാനങ്ങളും പ്രാർത്ഥനാ ശുശ്രൂഷകളും, തൽഫലമായുണ്ടായ നമ്മുടെ ദൈവകൃപയിലധിഷ്ഠിതമായ മാനസിക പൊരുത്തവുമാണ്. അതിനു ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട് നമ്മുടെ ഐക്യ ശ്രമങ്ങൾ തുടരാം.

നമ്മുടെ ഇടവക മൂന്നാം വത്സരത്തിലേയ്ക്കു കടക്കുമ്പോൾ കൂടുതൽ ആത്മീയ പദ്ധതികളോടൊപ്പം, പാരീഷ് കൗൺസിലിന്റെയും വിവിധ കമ്മറ്റികളുടെയും താല്പര്യ പ്രകാരം, പള്ളിയ്ക്കു കൂടുതൽ സൗകര്യവും സൗന്ദര്യവും വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്. (1) നമ്മുടെ പള്ളിയുടെ വിശാലമായ പാർക്കിംഗ് ലോട്ട് നവീകരിക്കുകയാണ്. (2) പാർക്കിംഗ് ലോട്ടിനു ചുറ്റിലുമുള്ള താല്ക്കാലിക വേലിയ്ക്കു പകരം ബലവത്തും മനോഹരവുമായ പെർമനന്റ് ഫെൻസ് സ്ഥാപിക്കുകയാണ്. (3) വിമൻ മിനിസ്ട്രി ആവശ്യപ്പെട്ട പ്രകാരം മുതിർന്ന വനിതകൾക്കായി കൂടുതൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതാണ്. (സിറ്റി കോഡു പ്രകാരം കുട്ടികൾക്കുള്ള ടോയ്‌ലറ്റുകളാണു നിലവിലുള്ളത്). (4) അമേരിക്കൻ പള്ളികൾക്കുള്ളതു പോലെ പള്ളിയുടെ പുറത്ത് സൈൻ ബോർഡുകൾ സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ട്. (5) പള്ളി നാം വാങ്ങിയ ശേഷം മദ്ബഹാ മനോഹരമാക്കുവാൻ ശ്രമിച്ചെങ്കിലും, ഉദ്ദേശിച്ചത്ര വരാത്തതിനാൽ അതു കൂടുതൽ കമനീയമാക്കുവാൻ പദ്ധതി തയ്യാറാക്കിവരുന്നു. (6) പലരും ആവശ്യപ്പെട്ട പ്രകാരം പള്ളിയ്ക്കകത്തെ കാർപ്പെറ്റ് മാറ്റി, ഉന്നത നിലവാരമുള്ള ഫ്ലോറിംഗ് ഇടുന്നതാണ്. (7) വിശേഷ ദിവസങ്ങളിൽ പള്ളിയുടെ സിറ്റിംഗ് കപ്പാസിറ്റി കൂടുതൽ വേണ്ടി വരുന്നതിനാൽ പള്ളിയ്ക്കും ഇടനാഴിക്കും ഇടയ്ക്കുള്ള വീതികൂടിയ ഇടഭിത്തിയ്ക്കു പകരം ഗ്ലാസ് മറവച്ച് ഇടനാഴിയിലും ആൾക്കാർക്കിരുന്നു കുർബ്ബാനയിൽ സംബന്ധിക്കുവാനുള്ള പദ്ധതി തയ്യാറാക്കി വരികയാണ്. (8) മതബോധന സ്കൂൾ പുനരാരംഭിക്കുന്നതിനാൽ പാരീഷ് ഹോളിൽ ഗുണനിലവാരമുള്ള പാർട്ടീഷൻ വാൾ സ്ഥാപിക്കുവാൻ ഇടപാടു ചെയ്തു കഴിഞ്ഞു. (9) പലരുടെയും പരാതി പരിഗണിച്ച്, പാരീഷ് ഹോളിലെയും ക്ലാസ് മുറികളിലെയും വിൻഡോ ഏസികൾക്കും ഹീറ്റിംഗ് സിസ്റ്റത്തിനും പകരം, സെൻട്രലൈസ്ഡ് ഫ്യുവൽ എഫിഷ്യന്റ് എയർ കണ്ടീഷനിംഗ് സംവിധാനം സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ട്. (10) പാരീഷ് ഹോളിലെ സ്റ്റേജിന്റെ ഉയരം വർദ്ധിപ്പിക്കണമെന്ന ആഗ്രഹം ചിലർ പ്രകടിപ്പിച്ചു. അതിനുള്ള സാദ്ധ്യത ആർക്കിടെക്റ്റുമായി ആലോചിച്ചു വരികയാണ്. (11) ഇടനാഴിയുടെ വലിപ്പം കൂട്ടുവാൻ അതിന്റെ പിൻഭാഗത്തെ വാതിൽ കുറേക്കൂടി വെളിയിലേയ്ക്കിറക്കി സ്ഥാപിക്കുവാൻ സാധിക്കും. (12) അഗാപ്പെ സ്റ്റോറും പാരീഷ് ഓഫീസും അതിനിടയിലുള്ള ചെറിയ മുറികളും പുനഃക്രമീകരിച്ച് ഇടനാഴിയുടെ വലിപ്പം കൂട്ടുവാനും പാരീഷ് ഹാളിനു കമനീയ കവാടം നിർമ്മിക്കുവാനും സാധിക്കും. അങ്ങനെ നമ്മുടെ പള്ളിയുടെ മുഖച്ഛായയും സൗകര്യവും ഘട്ടം ഘട്ടമായി മാറ്റുവാൻ കഴിയുന്ന പ്ലാനുകളാണ് വിവിധ കമ്മറ്റികളുമായി ആലോചിച്ചും പഠിച്ചും നടപ്പിലാക്കിയും വരുന്നത്. ശ്രീ. മത്തച്ചൻ ചെമ്മാച്ചേലും അലക്സ് കണ്ണച്ചാൻപറമ്പിലും അവയ്ക്കു നേതൃത്വം നല്കിവരുന്നു.

യൂത്ത് സെന്റർ പദ്ധതി നമ്മൾ ഊർജ്ജ്വസ്വലതയോടെ കൊണ്ടുപോകുന്നുണ്ട്. ആ പദ്ധതിയിൽ വിശാലമായ ആഡിറ്റോറിയം ഉൾപ്പെടുത്തിയിരുന്നതിനാലാണ്, കൂടുതൽ പാർക്കിംഗ് സൗകര്യം ഉണ്ടാക്കിയിട്ട് അതേ പദ്ധതിക്ക് അപേക്ഷിക്കുവാനോ, അത് ഒഴിവാക്കി പുതിയ പ്ലാൻ തയ്യാറാക്കുവാനോ സിറ്റി അധികൃതർ ആവശ്യപ്പെട്ടത്. മതബോധന സ്കൂളിലേയ്ക്ക് കുട്ടികൾ ഏറുന്നതുമൂലം പുതിയ ഡിവിഷനുകൾ വേണ്ടിവരുന്നതിനാലും, മാതാപിതാക്കളുടെ നിർബ്ബന്ധ പ്രകാരം മതബോധന സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിനാലും കൂടുതൽ ക്ലാസ് മുറികൾ അത്യാവശ്യമായിരിക്കുകയാണ്. അതിനാൽ പാർക്കിംഗിനും യൂത്ത് സെന്ററിനും വേണ്ടി പള്ളിയോടുചേർന്ന് കൂടുതൽ സ്ഥലം കുറഞ്ഞ വിലയ്ക്കു വാങ്ങുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

*(Continued on page 4)*

## നറുങ്ങുവെട്ടം

**നമ്മുടെ പദ്ധതികൾ നടക്കാതായാൽ നിരാശപ്പെടേണ്ട; അപ്പോഴാണ് നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ മെച്ചപ്പെട്ട പദ്ധതികൾ വെളിപ്പെടുക.**



*(Continued from page 1)*

കോർത്തിണക്കി, ഷിക്കാഗോയിലെ മുഴുവൻ ക്നാനായ സമൂഹത്തെയും ഒരു വിശ്വാസ സമൂഹമായി മാറ്റിയെടുക്കുവാൻ വേണ്ട വലിയ പ്രവർത്തനം ബഹുമാനപ്പെട്ട മുത്തോലത്തച്ചന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അത് വളരെയേറെ നന്മയുള്ള കാര്യമാണ്. അതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

മഴക്കാറ് ആകാശത്തിൽ കാണുമ്പോൾ നമുക്ക് ചിലപ്പോൾ അസ്വസ്ഥതയുണ്ടാകും. ഇരുട്ട് വ്യാപിക്കുന്നു, വലിയ ഇടിയും മിന്നലും ഉണ്ടാകുന്നു. പക്ഷേ ഒരു കാര്യം ഓർമ്മിക്കുക: ഈ മഴക്കാറാണ് പിന്നീട് മഴയായി ലഭിക്കുന്നത്. ആ മഴകൊണ്ടാണ് ആ പ്രദേശത്തു നില്ക്കുന്ന ചെടികൾ പുഷ്പിച്ച് ഫലങ്ങൾ നല്കുന്നത്. അതുപോലെ നമ്മുടെ അന്തരീക്ഷത്തിലും മഴക്കാറുണ്ടായിരുന്നു. കുറെയൊക്കെ പെയ്തു തുടങ്ങി. അതിന്റെ നന്മ ഇവിടെ കണ്ടു തുടങ്ങി. അതുകൊണ്ട് മഴക്കാറുകണ്ട് ആരും ഭയപ്പെടേണ്ട. കേറിയ മഴക്കാറ് പെയ്തു തുടങ്ങും. അതു നമുക്ക് അനുഗ്രഹമായി മാറും. മഴക്കാറു വാനിലേറുമ്പോൾ മയിലാടുമെന്ന കൗതുകാവസ്ഥ ഞാൻ ചെറുപ്പത്തിലെവിടെയോ പഠിച്ചിട്ടുണ്ട്. അതുകൊണ്ട് നമുക്കു ചില പ്രശ്നങ്ങൾ ഉണ്ടായതുകൊണ്ട് ആരും ഭയപ്പെടേണ്ട. അസ്വസ്ഥരാകേണ്ട ആവശ്യവുമില്ല. പകരം, ധൈര്യമായി മുൻപോട്ടു പോകാം.

ഈ അടുത്ത കാലത്തുണ്ടായ ചില മാറ്റങ്ങൾ തീർച്ചയായും നിങ്ങൾ ദർശിച്ചിട്ടുണ്ടാകും. നമ്മുടെ സമുദായത്തിനു സ്വന്തമായി ഇടവകകൾ ഉണ്ടാകണമെന്ന ആഗ്രഹം എല്ലായിടത്തും പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെയുള്ള സീറോ മലബാർ മിഷന്റെ തുടക്കം തന്നെ നമുക്ക് നമ്മുടേതായ ഇടവകകൾ വേണമെന്നുള്ള ആഗ്രഹത്തിൽനിന്നാണ്. അതിന്റെ പൂർത്തീകരണത്തിലാണ് സീറോ മലബാർ രൂപത ഇവിടെ രൂപപ്പെട്ടത്. രൂപത സ്ഥാപിതമായപ്പോൾ നമുക്ക് നമ്മുടേതായ പൈതൃകങ്ങൾ സൂക്ഷിച്ചുകൊണ്ടു പോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായി. അവയെ എങ്ങനെ അഭിമുഖീകരിക്കണം? ബേബി സാർ സൂചിപ്പിച്ചു: ഇല്ലി വെട്ടി മാറ്റുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങൾ. നമ്മൾ അല്പം ശ്രദ്ധിച്ചാൽ ക്രമേണ അതിനെ വലിച്ചെടുക്കുവാൻ സാധിക്കും. ഏതാണ്ട് അതുപോലെയാണ് നമ്മളും പ്രവർത്തിച്ചത്.

അങ്ങാടിയാത്തു പിതാവിന് കൃത്യമായി റോമിൽനിന്നു നിർദ്ദേശം കൊടുത്തു, എൻഡോഗമസ് ആയ ഇടവകകൾ സ്ഥാപിക്കുവാൻ പാടില്ലെന്ന്. പിന്നെ അദ്ദേഹം എന്തു ചെയ്യും? നമ്മൾ ആവശ്യപ്പെട്ടത് അതാണ്. ആ സാഹചര്യത്തിലാണ് എൻഡോഗമസ് പാരീഷിന്റെ സ്ഥാനത്ത് ക്നാനായ എത്ത്നിക് പാരീഷ് (വംശീയ ഇടവക) സ്ഥാപിക്കാം എന്ന നിർദ്ദേശവുമായി ഞാൻ അങ്ങാടിയാത്തു പിതാവിനെ സമീപിച്ചത്. അങ്ങനെയാണ് പിതാവു നമുക്ക് മിഷനുകൾ സ്ഥാപിച്ചു തന്നത്. അതിന്റെ പ്രാധാന്യവും പ്രസക്തിയും പലർക്കും മനസ്സിലായില്ല.

ചിലരൊക്കെ ഇങ്ങനെ എൻഡോഗമിയിൽ കുടുങ്ങി കിടക്കുന്നതുകൊണ്ട് എത്ത്നിക് പാരീഷ് സ്ഥാപിച്ചാൽ നമുക്ക് എങ്ങനെ മുൻപോട്ടു പോകാമെന്നു ചിന്തിക്കുവാൻപോലും തയ്യാറായില്ല. അതുകൊണ്ടു തന്നെ കുറേക്കാലത്തേയ്ക്ക് ഇവിടെ വലിയ ബഹളമായിരുന്നു. എൻഡോഗമി ഇവിടെ നശിപ്പിക്കുകയാണ്. മൂലക്കാട്ടു പിതാവ് അതു ചെയ്തു, ഇതു ചെയ്തു എന്നുള്ള ബഹളമെല്ലാം. ഇപ്പോൾ കുറെ ശാന്തമായിട്ടുണ്ട്. കാരണം ആളുകൾ മനസ്സിലാക്കുന്നുണ്ട്, എൻഡോഗമി നശിപ്പിക്കുവാനല്ല, മറിച്ച്, നമ്മുടെ പ്രത്യേക പൈതൃകങ്ങൾ സംരക്ഷിക്കുവാൻ, നല്കപ്പെടുന്ന സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി മുൻപോട്ടു പോകുവാനുള്ള ഒരു പദ്ധതിയാണ് എത്ത്നിക് പാരീഷുകളിലൂടെ നമ്മൾ വിഭാവന ചെയ്യുന്നതെന്ന്.

അത് ആദ്യം പറഞ്ഞപ്പോൾ നമ്മുടെ ധാരാളം ആളുകൾക്ക് വലിയ അസ്വസ്ഥതയായിരുന്നു. തീർച്ചയായിട്ടും നമുക്കു നമ്മുടേതായ പൈതൃകങ്ങൾ പൂർണ്ണമായി നിലനിർത്തുന്ന സഭാ സംവിധാനം ഉണ്ടാകണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, അതിനു നമുക്ക് അല്പം കൂടി ക്ഷമയോടെ മുന്നോട്ടു പോകേണ്ടതുണ്ട്. അതുകൊണ്ടാണ് എത്ത്നിക് പാരീഷ് സ്ഥാപിക്കുന്നത്. ക്നാനായ സമൂഹമെന്നു പറയുന്നത് എത്ത്നിക് സമൂഹമാണ്. അപ്പോൾ എത്ത്നിക് സമൂഹത്തിനുവേണ്ടിയുള്ള ഇടവകയിൽ ആ സമൂഹത്തിൽ പെടാത്തവർ ഉണ്ടാകുകയില്ല. അതാണ് നമ്മുടെ നിലപാട്. ആ നിലപാടിലാണ് നമ്മൾ മുൻപോട്ടു പോകുന്നത്.

എന്തായിരുന്നാലും എൻഡോഗമി സംരക്ഷിക്കുകയെന്ന നമ്മുടെ ആഗ്രഹം നമ്മുടെ എല്ലാവരുടെയും ചുമതലയാണ്. വളരുന്ന തലമുറയുടെ ബോധ മനസ്സിൽ നമ്മൾ കൊടുക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് എൻഡോഗമി സംരക്ഷിക്കപ്പെടേണ്ടത്. അതിന് എത്ത്നിക് പാരീഷ് ശക്തമായ പിന്തുണയാണു നല്കുന്നത്. ക്നാനായക്കാർക്കു മാത്രമായ മിഷനുകളാണ് പിതാവ് നമുക്ക് ഇവിടെ സ്ഥാപിച്ചു തന്നിട്ടുള്ളത്. അങ്ങനെ സ്ഥാപിച്ചവയിൽ ഒന്നാണ് ഇവിടെ പൂർണ്ണ ഇടവകയായി രൂപപ്പെട്ടിരിക്കുന്നത്. അതിലൂടെ നമുക്കു ചെയ്യുവാൻ സാധിക്കുന്നത്, നമ്മുടെ ആചാരങ്ങൾ, പൈതൃകങ്ങൾ ഒക്കെ നിലനിർത്തിക്കൊണ്ടു പോകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക എന്നതാണ്. ഇക്കാര്യങ്ങൾ ആളുകൾ കൂടുതലായി മനസ്സിലാക്കിയതിന്റെ ഫലമായിട്ട് കുറേയൊക്കെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ഈ മേവുഡിലെ പള്ളി സ്ഥാപിച്ചപ്പോൾതന്നെ പറഞ്ഞ മറ്റൊരു കാര്യമുണ്ട്: ഷിക്കാഗോയിൽ ഒരു ഇടവകകൂടി ഉണ്ടാകേണ്ടതാണെന്ന്. അതുപോലെ ഇവിടുത്തെ സാഹചര്യങ്ങളെക്കുറിച്ച് ഭയന്ന ആളുകളുണ്ടായിരുന്നു. മറ്റു കാര്യങ്ങൾകൊണ്ടും ചിലർക്ക് ഇങ്ങോട്ടു വരുവാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. അവർക്കുവേണ്ടി ഇപ്പോൾ നമ്മൾ ഓ.എൽ.വി. പള്ളിയിൽ കുർബ്ബാന ചൊല്ലി അവരുടെ കാര്യങ്ങൾ നോക്കുന്നുണ്ട്. അവിടെ നമുക്ക് പുതിയതായി ഇടവക ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവരും ബോദ്ധ്യമുള്ളവരാണ്.

കഴിഞ്ഞ പ്രാവശ്യം ഞാൻ ഇവിടെ വന്ന അവസരത്തിൽ

*(Continued on page 5)*

***(വികാരിയുടെ സന്ദേശം Continued from page 3)***

അടുത്ത വേനൽക്കാലത്തിനകം ക്ലാസ് മുറികളും പത്തുകളി സൗകര്യവും കൂടുതൽ പാർക്കിംഗുമുള്ള മനോഹരമായ യൂത്ത് സെന്റർ ഉണ്ടാകും. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട.

നാളിതുവരെയുള്ള നിങ്ങളുടെ നിർലോഭമായ സഹകരണം കൊണ്ടാണ് ഇവയെല്ലാം സാധ്യമാകുന്നത്. നമ്മുടെയും ഭാവി തലമുറയുടെയും ഭാസുരഭാവിയ്ക്കുതകുന്ന ഈ വികസന പ്രവർത്തനങ്ങൾക്കായി തുടർന്നും നിങ്ങളുടെ സാമ്പത്തിക സഹകരണം അത്യാവശ്യമാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

# Faith Through Catechism

***High School Level - 1***
***For 9th & 10th Graders***

***Sundays from 10:00 to 11:20 A.M. at Maywood.***
***Class will begin on Sunday, September 7, 2008***

## RELIGIOUS EDUCATION SCHOOLS

- ✯ Registration for Sacred Heart and St. Mary's Religious Educations Schools will end on September 7.
- ✯ Classes will start on Sunday, September 7, 2008.
- ✯ Fee and Class schedule will be as of last year. 10:00 A.M. at Maywood and 3:45 P.M. at OLV School.
- ✯ Application form will be available at the church or at the parish website: www.knanayaregion.us/chicago.
- ✯ Parents of all new, ongoing and high school session-1 students shall fill up the form and submit it along with registration fees.
- ✯ Application form and fee can also be mailed in the address given in the form.

## YOUTH AND COUPLES RETREAT

Our parish is arranging separate residential Youth Retreat and Couples Retreat from Friday December 26 evening to Monday December 29th evening at Bishop Lane Retreat Center in Rockford. Famous Catholic preachers will lead the retreat. There will be separate sessions for Malayalam and English preferred youth. Since seats are limited, early registration with $250 for the expenses is a must for admission. For details, please contact Retreat and youth coordinators of our parish.

## ബൈബിൾ സ്റ്റഡി ഗ്രൂപ്പ്



സെപ്റ്റംബർ മുതൽ മാസത്തിന്റെ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 10:00 മണിയുടെ തിരുക്കർമ്മങ്ങൾക്കു ശേഷം ബൈബിൾ സ്റ്റഡി ഗ്രൂപ്പ് കൂടുന്നതാണ്. ബൈബിൾ കൂടുതൽ പഠിക്കുവാനും ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്നവർ ഇതിന്റെ കോർഡിനേറ്ററായ റോയി കണ്ണോത്തറയുടെ പക്കൽ പേരു നല്കി മുൻകൂർ രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: 630-290-8756.

# Welcome to Our New & Ongoing Rel. Edu. Staff and Students

*(Speech by Mar Moolakkatt - Continued from page 4)*

കെ.സി.എസ്. എക്സിക്കുട്ടീവും മുത്തോലത്തച്ചനുമായി ആലോചിച്ച് ഹോഫ്മാൻ എസ്റ്റേറ്റിൽ വാങ്ങിയ സ്ഥലത്ത് പള്ളി പണിയുവാനുള്ള തീരുമാനം എടുത്തിരുന്നു. എങ്കിലും അതിനുവേണ്ട പ്രവർത്തനങ്ങൾ പൂർണ്ണമായി മുന്നോട്ടു കൊണ്ടുപോകുവാൻ സാധിച്ചില്ല. എങ്കിലും ആ പ്രവർത്തനങ്ങളുമായി കൂടുതൽ തീക്ഷ്ണതയോടെ മുന്നോട്ടു പോകണമെന്നാണ് കഴിഞ്ഞ ദിവസം കെ.സി.എസ്. എക്സിക്കുട്ടീവും അച്ചനുമായി സംസാരിച്ച് ഞങ്ങൾ തീരുമാനത്തിൽ എത്തിയിരിക്കുന്നത്.

പള്ളി ആരുടെയും സ്വകാര്യ സ്വത്തല്ല. ഒരു അസ്സോസിയേഷന്റെയും പ്രൈവറ്റ് പ്രോപ്പർട്ടിയായി പള്ളി വച്ചേക്കാൻ പാടില്ല. പള്ളി രൂപതയുടേതാണ്, സഭയുടേതാണ്. അതുകൊണ്ട് രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടുകൂടി അവിടെ പള്ളിപണിയുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാമെന്ന് അവർ ഉറപ്പു തന്നിരിക്കുകയാണ്. അപ്പോൾ ഞാൻ പറഞ്ഞു; കഴിഞ്ഞ പ്രാവശ്യം ഇങ്ങനെയൊക്കെ പറഞ്ഞിട്ടു പോയതാണല്ലോ. അപ്പോൾ അവർ പറഞ്ഞു: അതിന്റെ പ്രോസസിനു കുറച്ചു താമസം വന്നു, ബുദ്ധിമുട്ടു വന്നു. അതുകൊണ്ടാണ് അതു നടക്കാതെ വന്നതെന്ന്. അതുകൊണ്ട് ഒരു റൈറ്റ് ലിമിറ്റ് ഞങ്ങൾ വച്ചിരിക്കുകയാണ്. സെപ്റ്റംബർ 30നു മുൻപായി ഹോഫ്മാനിൽ പള്ളിക്കാവശ്യമായ സ്ഥലം ഈ ഇടവക സ്ഥാപിച്ചതുപോലെതന്നെ അവിടെ രൂപതയ്ക്കു കൊടുത്തിട്ട് അവിടെ പള്ളി ഉണ്ടാക്കാനുള്ള ക്രമീകരണം ചെയ്യാമെന്നും, അതിനുള്ള അനുവാദം വാങ്ങാമെന്നും അവർ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഞാൻ പറഞ്ഞു: അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ മുത്തോലത്തച്ചന്റെ നേതൃത്വത്തിൽ അവിടെ പള്ളി ഉണ്ടാക്കുവാൻ പിതാവിനോട് അനുവാദം വാങ്ങി, എല്ലാ ക്നാനായക്കാരും ഒരുമിച്ച് പരിശ്രമിക്കുന്നതാണെന്ന്. അതുകൊണ്ട് ഹോഫ്മാൻ എസ്റ്റേറ്റിൽതന്നെ അടുത്ത ക്നാനായ കത്തോലിക്കാ ഇടവക ഉണ്ടാക്കുവാനുള്ള ഒരു നല്ല നീക്കത്തിലാണ് കെ.സി. എസ്. അത് നമ്മൾ എല്ലാവരും ചേർന്നു സഹകരിച്ച് ഒരു പുതിയ ഇടവക ദൈവാലയംകൂടി ഉണ്ടാകുന്നതിനു പരിശ്രമിക്കണം. നമ്മൾ ഒരു സമൂഹമെന്ന നിലയിൽ എല്ലാവരുടെയും വളർച്ച ഒന്നിച്ചു പോകണം. ആരും ഒറ്റയ്ക്കു വളരുന്നില്ല. ഒന്നിച്ചുനിന്നാണ് നമ്മൾ വളരുന്നത്. അതുകൊണ്ട് പുതിയ ഇടവകയ്ക്കായി നമ്മൾ എല്ലാവരും പരിശ്രമിക്കണം.

നമ്മുടെ സമുദായം പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുകയാണ്. ആർക്കും യാതൊരു സംശയവും വേണ്ട. നമ്മുടെ സമുദായത്തിന്റെ പാരമ്പര്യങ്ങളും പൈതൃകവും നിലനിർത്തുവാനും സംരക്ഷിക്കുവാനും വേണ്ടിയാണ് നമ്മുടെ വൈദികരെ ഇങ്ങോട്ട് അയയ്ക്കുന്നത്. അവർ പറയുന്ന കാര്യങ്ങൾ ഒരിക്കലും അവർക്കു വേണ്ടിയല്ല. പ്രത്യുത ആ നേതൃത്വത്തിലൂടെ നമ്മുടെ സമൂഹത്തെ വളർത്തുകയെന്ന ലക്ഷ്യത്തോടെയാണ്. ആ ബോദ്ധ്യത്തോടെ വൈദികരോടു ചേർന്നു സഹകരിക്കുക.

പലകാര്യങ്ങളും പൂർണ്ണമായി മനസ്സിലാക്കാതെ അഭിപ്രായം പറയുകയും വിമർശിക്കുകയും ചെയ്യുന്നവർ ഇനിയും കാണും. ചുരുക്കം ചിലരെങ്കിലും അവരുടെ പ്രത്യേക താല്പര്യംകൊണ്ട് എതിരു നില്ക്കുന്നവരാണ്. അവരെ തിരിച്ചറിയുക. എന്നിട്ട് നമ്മുടെ കൂട്ടായ വളർച്ചയ്ക്ക് ആവശ്യമെന്നു ബോദ്ധ്യമുൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുക. അപ്പോൾ വലിയ നേട്ടവും നന്മയും നമുക്കുണ്ടാകും.

ഇവിടെ തുടങ്ങിവച്ചിരിക്കുന്ന ഈ ഇടവക അമേരിക്കയിൽ മാത്രമല്ല, നമ്മുടെ അതിരൂപതയുടെ അതിർത്തിക്കു വെളിയിലുള്ള എല്ലാ ക്നാനായ മക്കൾക്കും വലിയ പ്രചോദനമാണ്. ആ പ്രചോദനമായി നിങ്ങൾ എന്നും നിലനില്ക്കണം. ആ രീതിയിൽ ഈ ഇടവകയോടുള്ള സഹകരണത്തിൽ വളരുവാൻ പരിശ്രമിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



Photo Above: Holy Mass during retreat at our Church. Photos below: Concelebrated Holy Mass, Planning of Koodarayogam Annual Camping and Paper works of Holy Land and Vatican trip during September and October.







## CONGRATULATIONS





**Congratulations to Rev. Fr. Thomas Pralel, the new director of the four Knanaya Catholic Missions in New York - New Jersey area and Rev. Fr. James Ponganayil the Associate Director of these four missions. Bishop Mar Jacob Angadiath appointed them with effect from August 17, 2008.**

## നിര്യാതയായി



**മറിയാമ്മ മത്തായി (79)**

**മങ്ങാട്ട് - പുളിക്കീൽ, കുടല്ലൂർ**

മരണം: സെപ്റ്റംബർ 1

മൃതസംസ്കാരം: സെപ്റ്റംബർ 6

| SUNDAY OFFERINGS | August 31 |
|---|---|
| St. Mary's Unit at OLV | 150.00 |
| S.H. Church Mass offering | 770.00 |
| Agape Stall for Charity | 61.00 |

**WILL AND FINAL ARRANGEMENTS**

**Documentation of our will, advance directives for health care, and final arrangements are needed to meet our wishes without confusion to the family. Please include your donation to our parish in your will. Isn't it a blessing to have the wake and funeral in our own church and burial in our own Knanaya Cemetery?**



# Ushers at Sacred Heart

| September 7 | September 14 |
|---|---|
| Sherry Kulathilkarottu<br>Vinitha Padinjath<br>Aniena Mukalel<br>Sindu Mukalel<br>**English Mass**<br>Geo Chemmachel<br>Vimal Thottupurathu | Aniena Mukalel<br>Sindu Mukalel<br>Vinitha Padinjath<br>Nirmal Maniparambil<br>**English Mass**<br>Abin Kulathilkarottu<br>Johnson Paikkattu |

## READERS / LECTORS ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| September 7 | PASSAGE | MAYWOOD MALAYALAM & ENGLISH | | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Ezekiel 33:7-9 | Sonu Puthenpurayil | Anu Puthenpurayil | Ashley Kunnathukizhakkethil |
| 2nd Reading | Romans 13:8-10 | Jince Puthenpurayil | Jed Manjankal | Princeton Alappattu |
| Gospel | Matthew 18:15-20 | *If two agree about anything for which they pray, it shall be granted to them.* | | |
| Sept. 14 | | | | |
| 1st Reading | Numbers 21:4b-9 | Sabu Madathilparambil | Albin Mutholam | Stanley Palliveettil |
| 2nd Reading | Philippians 2:6-11 | Lizzy Naduveettil | Angela Poothurayil | Julianne Choottuvelil |
| Gospel | John 3:13-17 | *God so loved the world that he gave his only Son so those who believe might have eternal life.* | | |

## FEAST CELEBRATION OF THE BIRTH OF BLESSED VIRGIN MARY ON SEPTEMBER 6TH.

***Women Ministry of our parish will be sponsoring the feast of Blessed Virgin Mary at our Church on Saturday September 6th at 10:00 A.M. Program will include ladinge, Holy Mass, Novena, and Rosary. All are welcome.***



## SYRO-MALANKARA MASS

We have Holy Mass in Syro-Malankara Rite every First Sunday of the Month at 8:30 A.M. The next one is on September 7th celebrating the Birth of B.V. Mary and second anniversary of our Church.



SPACE AVAILABLE

FOR YOUR

ADVERTISEMENT

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487, *www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmalakuzhy@gmail.com
***MS Certified since 1997***

*We put our money where our mouth is*



Free Refinancing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com

ക്രെഡിറ്റ് ഇല്ലേ ... സാരമില്ല
ക്രെഡിറ്റ് മോശം ... സാരമില്ല
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

